# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 4268 | 16/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടി ആദിവാസി കോളനി മേഖലയിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് പൊതുവായി ചെയ്യുന്ന എല്ലാ ആരോഗ്യ സേവനങ്ങളും നൽകുന്നുണ്ട്. ടി മേഖലയിൽ ശിശുമരണം റിപ്പോർട്ട് ചെയ്ത വേളയിൽ ആരോഗ്യവകുപ്പ് മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും അധികമായി 28 ജെ.എച്ച്.എൻ.മാരെ കൂടി എൻ.ആർ.എച്ച്.എം. വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും അമ്മമാർക്കും ഫോളിക് ആസിഡ് ഗുളികകളും കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവയും നൽകിവരുന്നു. ഗുരുതരമായ പോഷകാഹാരകുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രം അഗളി, പ്രാഥമികാരോഗ്യ കേന്ദ്രം പുത്തൂർ, ഷോളയൂർ എന്നിവിടങ്ങളിൽ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചെറിയ പോഷക കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ്തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തു വരുന്നു. ഇതിന്റെ പ്രവർത്തനം മൂലം പോഷകാഹാരകുറവുള്ള കുട്ടികളുടെ എണ്ണം 299 ൽ നിന്നും 62 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. (10.12.2014 ന്) അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനത്തിലേയ്ക്കായി ഡോക്ടർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യൽ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിയ്ക്കൽ ലഭ്യമാക്കിക്കൊ ണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തി വരുന്നു. അഗളി സാമൂ | |

| | | | |
|---|---|---|---|
| | | | ഹികാരോഗ്യകേന്ദ്രം, ഷോളയൂർ , ആനക്കട്ടി പി.എച്ച്.സി. കളിലും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താത്ക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പ് നടത്തി വരുന്നു.<br>എൻ.ആർ.എച്ച്.എം. ന്റെ ഭാഗമായുള്ള പദ്ധതികൾ വഴി ആരോഗ്യകേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവജാതശിശുപരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. 5 വയസിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ 'ജാതക് ജനനി' എന്ന കമ്പ്യൂട്ടർവത്കൃത പദ്ധതി നടന്നു വരുന്നു. അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ചുവരുന്ന പരിചയസമ്പന്നനായ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായി അട്ടപ്പാടിയിൽ ലഭ്യമാകുന്നവിധം ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായുള്ള എത്ര കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതം എത്ര കോടി രൂപ വീതമാണെന്നും പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ? | (ബി) | ആരോഗ്യ വകുപ്പ്, പൊതുവായ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് ആരോഗ്യ സേവനം ലഭ്യമാക്കുന്നത്. അട്ടപ്പാടിയിലെ ആദിവാസി ആരോഗ്യ പരിപാലനത്തിനായി പ്രത്യേക വിഹിതം ആരോഗ്യവകുപ്പിന് 2012-13, 2014-15 കാലഘട്ടത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല. എന്നാൽ 2013 ൽ അട്ടപ്പാടിയിൽ ഉണ്ടായ അധികമായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഈ മേഖലയിൽ 433.52 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി എൻ.എച്ച്.എം. സപ്ലിമെന്ററി പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ മുഖേന 2013-14 സാമ്പത്തികവർഷത്തിൽ അട്ടപ്പാടിയുടെ സമഗ്ര ആരോഗ്യ പദ്ധതിയ്ക്കായി അനുവദിയ്ക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ